Draft #4 of File 182308/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 26-Apr-2022 03:40 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല**

പുറത്തെഴുത്ത് 182308/AC A1-2/2021/AC A 1 26.04.2022

എം.ഫിൽ, പിഎച്ച്.ഡി.കോഴ്സുകൾ ചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള പ്രായപരിധി 40 വയസായും, സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കുന്നതിനുള്ള പ്രായപരിധി 45 വയസായും നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് G.O.(P)No.4/2021/SCSTD തീയതി. 06.12.2021 മിനിറ്റ്സ് ഇനം നമ്പർ. 115/22.03/182308/AC A 1-2/2021 തീയതി. 08.04.2022 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കാഞ്ചന എൻ.നായർ**
**അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലാ അഫിലിയേറ്റഡ് കോളേജുകൾ / പഠന വകുപ്പുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി

6. യൂണിവേഴ്സിറ്റി വെബ് സൈറ്റ്/ ഐ.ടി.സെൽ / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ

7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - എം.ഫിൽ, പി.എച്ച്.ഡി കോഴ്സുകൾ ചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള പ്രായപരിധി 40 വയസായും, സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 45 വയസായും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

G.O.(P)No.4/2021/SCSTD തീയതി,തിരുവനന്തപുരം, 06/12/2021

---

പരാമർശം:- 1. 02/07/2009ലെ സ്.ഉ. (അച്ചടി) നം.50/2009/പജപവവിവ നമ്പർ.

സർക്കാർ ഉത്തരവ്

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 04/11/2020, 20/04/2021 എന്നീ തീയതികളിലെ എഡ്യു.എ1/3912/2020 നം. കത്ത്.

**<u>ഉത്തരവ്</u>**

എം.ഫിൽ/പി.എച്ച്.ഡി തുടങ്ങിയ കോഴ്സുകൾ ചെയ്യുന്നതും, യു.ജി.സി. പാസാകാത്തവരുമായ പട്ടികജാതി/പട്ടികവർഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ യു.ജി.സി. അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റ് ലഭിക്കുന്നതിന് പരാമർശം (1) ലെ ഗവ. ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. 33 വയസ് കഴിഞ്ഞവർക്ക് ജൂനിയർ റിസർച്ച് ഫെലോഷിപ്പിന് അപേക്ഷിക്കുവാൻ കഴിയാത്തതിനാൽ പരമാവധി 39 വയസു വരെ മാത്രം പരാമർശം (1) ലെ ഉത്തരവ് പ്രകാരം ആനുകൂല്യം നൽകിയിരുന്നുള്ളൂ.

2) പട്ടികജാതി വിഭാഗം/പട്ടികവർഗ വിദ്യാർത്ഥികൾക്ക് കോളേജ് ലക്ചറർ പരീക്ഷക്ക് അപേക്ഷിക്കുവാനുള്ള കേരള പബ്ലിക് സർവീസ് കമ്മിഷനിലെ പ്രായപരിധി നിലവിൽ 45 വയസാണ്. നിലവിൽ എം.ഫിൽ/പി.എച്ച്.ഡി തുടങ്ങിയ കോഴ്സുകൾ ചെയ്യുന്നതും യു.ജി.സി. പാസാകാത്തവരുമായ പട്ടികജാതി/പട്ടികവർഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് യു.ജി.സി. അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും, കണ്ടിജന്റ് ഗ്രാന്റും 39 വയസ് വരെ മാത്രമേ അനുവദിക്കുന്നുള്ളുവെന്നും, ആയതിനാൽ പ്രായപരിധി ഉയർത്തി നൽകണമെന്നും ധാരാളം അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. എം.ഫിൽ, പി.എച്ച്.ഡി തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നതും, യു.ജി.സി. പാസാകാത്തവരുമായ പട്ടികജാതി/പട്ടികവർഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ യു.ജി.സി. അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 40 വയസായും ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 45 വയസായും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Beena

Additional Secretary

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്,തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ.

രജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി/കോഴിക്കോട്/കൊച്ചി/കണ്ണൂർ യൂണിവേഴ്സിറ്റി.

കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം